| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| അഞ്ചാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം.4283 | 28-06-2012 - ൽ മറുപടിക്ക് |
| തൃക്കരിപ്പൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം | |
| ചോദ്യം | ഉത്തരം |
| ശ്രീ.കെ.കുഞ്ഞിരാമൻ<br>( തൃക്കരിപ്പൂർ) | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) തൃക്കരിപ്പൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന് മലബാർ പാക്കേജിൽപ്പെടുത്തി അനുവദിച്ച കെട്ടിടം, പണി ഏറ്റെടുത്ത കരാറുകാരൻ പ്രസ്തുത പ്രവൃത്തിയിൽ നിന്നും മാറി നിൽക്കാനും പ്രസ്തുത പ്രവൃത്തി തടസ്സപ്പെടാനും ഇടയായ സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ ? | (എ) തൃക്കരിപ്പൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന് കെട്ടിടം പണിക്ക് നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം ചെയ്യുന്ന അവസരത്തിൽ തൃക്കരിപ്പൂർ വെറ്ററൻ ഫുട്ബോൾ ക്ലബിന്റെയും നാട്ടുകാരുടെയും പ്രതിഷേധത്തെ തുടർന്ന് ഉദ്ഘാടനം മാറ്റി വെക്കേണ്ടതായി വന്നു. പിന്നീട് നടത്തിയ മീറ്റിംഗിൽ കെട്ടിട നിർമ്മാണത്തിന് മറ്റൊരു സ്ഥലം കണ്ടെത്തുകയും ചെയ്തു. സ്കൂളിന്റെ കിഴക്കു ഭാഗത്ത് കണ്ടെത്തിയ സ്ഥലം വെള്ളം കെട്ടി നിൽക്കുന്ന താഴ്ചയുള്ള സ്ഥലമായിരുന്നു. പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് നിലവിലുള്ള എസ്റ്റിമേറ്റിനെക്കാൾ അധിക പ്രവൃത്തി ആവശ്യമായിരുന്നു. ഈ സാഹചര്യത്തിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കരാറിൽ നിന്നും ഒഴിവാക്കിക്കിട്ടാൻ എഴുത്തുമൂലം ആവശ്യപ്പെട്ടു. |

സെക്ഷൻ ഓഫീസർ